(രജിസ്റ്റർ ചെയ്ത് കൈപ്പറ്റുചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-9/114/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
ഇ-മെയിൽ : doidk.ksad@kerala.gov.in
ഫോൺ നം. 04862 227332
തീയതി : 27.02.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

സർ

വിഷയം : കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കട്ടപ്പന ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക).

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).
2) അസി. ഡെവലപ്മെന്റ് കമ്മീഷണർ, പൈനാവ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-9/114/19 തീയതി : 27.02.2019

# ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

***********************************

ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06.11.2017 മുതൽ 02.02.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ രണ്ടിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. റ്റി. എൽ. സാംകുട്ടി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.02.2019 മുതൽ 08.02.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.കെ. മധുസൂദനൻനായർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബിനുമോൻ കെ. സി. | ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസീസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സാലി ജോളി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. പി. എ. മുഹമ്മദ് സലിം | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. കെ.എം ഉഷാനന്ദൻ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ജോസഫ് മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വിശാഖ് പി. എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. എം. എൽ. ജോർജ്ജ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച് സി, ഉപ്പുതറ | ഡോ. കെ. ഇ. സെബാസ്റ്റ്യൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി, വണ്ടൻമേട് | ഡോ. റ്റിജു പി. ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സി ഡി പി ഒ | ശ്രീമതി. ഷൈനി ഐസക് | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ | ശ്രീ. എ. റ്റി. തോമസ് | 01.04.2017 മുതൽ 31.01.2018 വരെ |
| | ശ്രീ. സിബി സെബാസ്റ്റ്യൻ | 01.02.2018 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. ഗോപകുമാർ വി. ജി. | 01.04.2017 മുതൽ 19.05.2017 വരെ |
| | ശ്രീമതി. സോഫിയമോൾ എസ്. | 20.05.2017 മുതൽ 27.07.2017 വരെ |
| | ശ്രീമതി. സജിതാ വി. ഡി. | 28.7.2017 മുതൽ 16.1.2018 വെര |
| | ശ്രീ. ബാബു പി. വി. | 17.01.2018 മുതൽ 25.01.2018 വരെ<br>03.03.2018 മുതൽ 09.03.2018 വെര |
| | ശ്രീ. ബേബി തോമസ് | 26.01.2018 മുതൽ 02.03.2018 വരെ<br>10.03.2018 മുതൽ 31.03.2018 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുനീഷ് പി. വൈ. | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 (പൊതു അവലോകനം) |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |

| | | |
|---|---|---|
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| | | ഭാഗം – 2 (വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) |
| 13 | 2-1 | പണം പിരിവിന് ഔദ്യോഗിക രസീതുകൾ നൽകുന്നില്ല. |
| 14 | 2-2 | വനിതാ വ്യവസായ വിപണന കേന്ദ്രം – മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല – വരുമാനം നഷ്ടമാകുന്നു |
| | | ഭാഗം – 3 (ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ) |
| 15 | 3-1 | പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ വീഴ്ച |
| 16 | 3-2 | ജലസേചന പദ്ധതികൾ, സാനിട്ടറി കോംപ്ളക്സ് നിർമ്മാണം – ആസൂത്രണത്തിലെ പോരായ്മ |
| 17 | 3-3 | പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം പൂർണ്ണമായും വിനിയോഗിക്കാതെ, വികസനഫണ്ട് ചെലവഴിച്ചിരിക്കുന്നു |
| 18 | 3-4 | അംഗപരിമിതർക്ക് മുച്ചക്ര വാഹനം - അടിസ്ഥാന വിവരങ്ങൾ സൂക്ഷിക്കേണ്ടതാണ് |
| | | ഭാഗം – 4 (പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും) |
| 19 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 20 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 21 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 22 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 23 | 4-5 | സ്ഥിര നിക്ഷേപം |
| 24 | 4-6 | ഓഡിറ്റ് റിക്കവറി |
| 25 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 26 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 27 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 28 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| | | അനുബന്ധങ്ങൾ |
| 29 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 30 | അനുബന്ധം-2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് |

## ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തിലേയ്ക്കുള്ള ബജറ്റ് 27.02.2017 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 08.06.2018 | - | - |

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| ർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 06.02.2019 | - |

### 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹2,08,48,787 |
| വരവ് | ₹10,61,89,614 |
| ആകെ | ₹12,70,38,401 |
| ചെലവ് | ₹11,36,63,518 |
| നീക്കിയിരിപ്പ് | ₹1,33,74,883 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 50502584 | 50502584 | 43912109 | 6590475 |
| വികസന ഫണ്ട് – റ്റി. സി. പി. | 0 | 5059000 | 5059000 | 2175514 | 2883486 |
| വികസന ഫണ്ട് – എസ്. സി. പി. | 0 | 12393000 | 12393000 | 9781473 | 2611527 |
| വികസന ഫണ്ട് – നോൺ റോഡ് | 0 | 6426000 | 6426000 | 5188808 | 1237192 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| സ്വർണ്ണ ജയന്തി സ്വരസ്കാർ യോജന | 10316 | 400 | 10716 | 0 | 10716 |
| പി.എം.എ.വൈ. - ഭരണ ചെലവുകൾ | 0 | 87000 | 87000 | 30000 | 57000 |
| ഐ.എ.വൈ. – ഭവന നിർമ്മാണം സെൻട്രൽ | 17 | 0 | 17 | 17 | 0 |
| ഐ.എ.വൈ. – ഭരണ ചെലവുകൾ | 39978 | 0 | 39978 | 6244 | 33734 |
| ഐ.എ.വൈ. -വ്യക്തിഗത ടോയിലറ്റ് നിർമ്മാണം | 40445 | 28625 | 69070 | 59561 | 9509 |
| ഐ.എ.വൈ. - ഗ്രാമപഞ്ചായത്ത് വിഹിതം | 3854400 | 0 | 3854400 | 3854400 | 0 |
| ഐ.എ.വൈ. – ജില്ലാ പഞ്ചായത്ത് വിഹിതം | 5490000 | 0 | 5490000 | 5490000 | 0 |
| ഐ.എ.വൈ. - ഗ്രാമപഞ്ചായത്ത് വിഹിതം | 0 | 5387417 | 5387417 | 1354868 | 4032549 |
| ഐ.എ.വൈ. - ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 38227000 | 38227000 | 31985819 | 6241181 |
| ഐ.എ.വൈ. - പ്ലാൻ | 6094962 | 0 | 6094962 | 6094962 | 0 |
| സംയുക്ത പ്രൊജക്ടുകൾ | | | | | |

| | | | | | |
|---|---|---|---|---|---|
| ഡയാലിസിസ് പ്രൊജക്ട് ഗ്രാമപഞ്ചായത്ത് വിഹിതം | 0 | 7000 | 7000 | 0 | 7000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| കേരളോത്സവം | 0 | 30000 | 30000 | 0 | 30000 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 20771 | 23273 | 44044 | 22468 | 21576 |
| സംയോജിത തണ്ണീർത്തട വികസന പദ്ധതി | 1747 | 1142430 | 1144177 | 536046 | 608131 |
| ഇ. എം. എസ്. ഭവന നിർമ്മാണ പദ്ധതി | 500 | 0 | 500 | 0 | 500 |
| അവാർഡ് തുക | 9451 | 0 | 9451 | 0 | 9451 |
| ബി. പി. എൽ. സർവ്വേ | 119178 | 4615 | 123793 | 0 | 123793 |
| ഖരമാലിന്യ സംസ്കരണം | 313361 | 0 | 313361 | 313361 | 0 |
| മറ്റിനം | 3000 | 0 | 3000 | 0 | 3000 |
| ഗുണഭോക്തൃ വിഹിതം | 0 | 1247933 | 1247933 | 0 | 1247933 |
| പലവക അക്കൗണ്ട് (ട്രെയിനിംഗ് അക്കൗണ്ട്) | 289358 | 0 | 289358 | 179391 | 109967 |
| സാക്ഷരത & പൈക്ക - ബാങ്ക് അക്കൗണ്ട് | 199642 | 7589 | 207231 | 0 | 207231 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 3582760 | 3582760 | 3582760 | 0 |
| ട്രഷറി - റ്റി.എസ്.ബി. | 4361661 | 4580247 | 8941908 | 8320296 | 621612 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 123 | 117233274 | 86 | 63596306 | 0 | 37 | 69.9 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരായ ശിശു വികസന പദ്ധതി ഓഫീസർ, പട്ടികജാതി വികസന ഓഫീസർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ സേവനമേഖലയിൽ ആവിഷ്കരിച്ച പ്രൊജക്ടുകളും ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കൃഷി അസി. ഡയറക്ടർ, ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ ഉല്പാദന മേഖലയിലും ആവിഷ്കരിച്ച പ്രൊജക്ടുകളും പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ട് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | അംഗീകാരം നേടിയ പ്രൊജക്ടുകൾ | നടപ്പാക്കിയത് | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| ശിശു വികസന പദ്ധതി ഓഫീസർ | 2 | 2 | 2288732 | 1540100 | 67.29 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 8520000 | 7837201 | 91.98 |
| മെഡിക്കൽ ഓഫീസർ – സി.എച്ച്.സി. | 5 | 5 | 1728297 | 1690937 | 97.83 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 5874000 | 3250000 | 55.32 |
| കൃഷി അസി. ഡയറക്ടർ, | 1 | 1 | 1951600 | 1951600 | 100 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 4900000 | 800000 | 16.32 |
| സെക്രട്ടറി | 16 | 12 | 21728525 | 10505552 | 48.34 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 500000 | 495000 | 99 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

– ഇല്ല –

## 1-7 തൊഴിലുറപ്പ് പദ്ധതി

– ഇല്ല –

## 1-8 ക്ഷേമ പദ്ധതികൾ

– ഇല്ല –

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.02.2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ബാലൻസ് ഇല്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഏറെക്കുറെ കാര്യക്ഷമമായ രീതിയിൽ നടപ്പാക്കി വരുന്നുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചുമതലകൾ

വിഭജിച്ച നൽകിയിട്ടുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. സൂചിക സോഫ്റ്റ് വെയർ മുഖേനയുള്ള ഫയൽ ട്രാക്കിംഗ് സംവിധാനം നടപ്പാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമായി നടപ്പാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ അക്കൗണ്ടുകൾ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ മുൻകൂർ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ഭരണ സംവിധാനത്തിന്റെ ഇടപെടൽ തൃപ്തികരമായ നിലയിൽ ഉണ്ടായിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിലുള്ള മോണിട്ടറിംഗ് ഫലപ്രദമായ രീതിയിൽ നിർവ്വഹിക്കപ്പെട്ടിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.07.2018 മുതൽ 28.07.2018 വരെ | 2017-18 | 29.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.03.2015 മുതൽ 13.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | 01.06.2015 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

| | |
|---|---|
| 1. | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. |
| 2. | വാടക - ഡി.സി.ബി. തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. |
| 3. | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല. |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പണം പിരിവിന് ഔദ്യോഗിക രസീതുകൾ നൽകുന്നില്ല

ബ്ലോക്ക്പഞ്ചായത്തിൽ ലഭിക്കുന്ന വാടക, ഡെപ്പോസിറ്റുകൾ, മറ്റ് വരവുകൾ എന്നിവയ്ക്ക് സാംഖ്യ രസീതുകളോ, സർക്കാർ ഉത്തരവ് ജി.ഒ.(പി)177/2006 തീയതി 12.04.2006 അനക്സർ XC പ്രകാരമുള്ള രസീതുകളോ നൽകുന്നില്ല. നിലവിൽ കമ്പ്യൂട്ടർ ഉപയോഗിച്ച് താൽക്കാലിക രസീതുകൾ തയ്യാറാക്കി പണം ഒടുക്കുന്നവർക്ക് നൽകുകയും പിന്നീട് അത് സാംഖ്യയിൽ ചേർക്കുകയുമാണ് ചെയ്യുന്നത്. പ്രസ്തുത നടപടി 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. തന്മൂലം ബ്ലോക്ക്പഞ്ചായത്തിൽ ലഭിക്കുന്ന പണം കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുന്നതിനും പണാപഹരണത്തിനും സാധ്യതയുണ്ട്. ബ്ലോക്ക്പഞ്ചായത്തിൽ ലഭിക്കുന്ന പണത്തിന് ഔദ്യോഗിക രസീതുകൾ നൽകുന്നതിനും രസീതുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക്പഞ്ചായത്ത് കമ്മറ്റി, സെക്രട്ടറി എന്നിവരുടെ ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 2-2 വനിതാ വ്യവസായ വിപണന കേന്ദ്രം – മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല – വരുമാനം നഷ്ടമാകുന്നു

2015-16, 2016-17 വാർഷിക പദ്ധതികളിലുൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ കട്ടപ്പന സ്കൂൾ കവലയിലുള്ള വനിതാ വ്യവസായ വിപണന കേന്ദ്രത്തിലുള്ള 11 ഷട്ടർ മുറികൾ നാളിതുവരെ വാടകയ്ക്ക് നൽകിയിട്ടില്ല. തന്മൂലം ബ്ലോക്ക്പഞ്ചായത്തിന് വരുമാനം നഷ്ടമാകുന്നു. വാടകയ്ക്ക് നൽകാത്തതിന് വിശദീകരണമായി മുറികളുടെ അടിസ്ഥാന വാടക നിശ്ചയിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് ഡിവിഷൻ എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വാടക നിശ്ചയിച്ച് കിട്ടുന്നതനുസരിച്ച് മുറികൾ ലേലത്തിൽ നൽകുന്നതാണെന്നും വ്യക്തമാക്കി. മുറികളുടെ വാടക നിശ്ചയിച്ച് ലേലത്തിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ വീഴ്ച

2017-18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
|---|---|---|
| ആകെ പ്രവൃത്തികൾ | 60 | 30 |
| സ്പിൽ ഓവർ | 0 | 27 |
| നടപ്പിലാക്കിയ പ്രോജക്ടുകൾ | 30 | 25 |
| അടങ്കൽ | ₹3,64,02,915/- | ₹3,33,39,205/- |
| ചെലവഴിച്ച തുക | ₹1,36,03,072/- | ₹2,19,22,844/- |
| ശതമാനം | 37 | 65 |

പൊതുമരാമത്ത് പ്രവൃത്തികൾക്കായി ₹6,97,42,120/- വകയിരുത്തിയെങ്കിലും ₹3,55,25,916/- മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത് (50.9%). അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ 25 പ്രവൃത്തികളും സ്പിൽ ഓവർ പ്രവൃത്തികളാണ്. ആസൂത്രണത്തിലും നിർവ്വഹണത്തിലും വേണ്ടത്ര ജാഗ്രത പുലർത്തുവാൻ സാധിക്കാത്തതിനാൽ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് അഭിലഷണീയമല്ല. താരതമ്യേന വളരെ കുറച്ച് പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല മാത്രമാണ് രണ്ട് ഉദ്യോഗസ്ഥരിലും നിക്ഷിപ്തമായിരുന്നതെങ്കിലും ഭരണസമിതി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി, മോണിട്ടറിംഗ് നിർവ്വഹണ സമിതി, നിർവ്വഹണ ഉദ്യോഗസ്ഥർ വീഴ്ചയായി മാത്രമേ പരിഗണിക്കാൻ സാധിക്കൂ. പ്രസ്തുത സ്ഥിതി വിശേഷം ഭാവിയിൽ കർശനമായി ഒഴിവാക്കേണ്ടതാണ്.

## 3-2 ജലസേചന പദ്ധതികൾ, സാനിട്ടറി കോംപ്ലക്സ് നിർമ്മാണം - ആസൂത്രണത്തിലെ പോരായ്മ

തൻവർഷം ആസൂത്രണം ചെയ്ത ജലസേചന പദ്ധതികളുടെയും സാനിട്ടറി കോംപ്ലക്സുകളുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1) ജലസേചന പദ്ധതികൾ

| പദ്ധതിയുടെ പേര് | അടങ്കൽ ₹ | ചെലവഴിച്ച തുക ₹ | ചെലവ് ശതമാനം |
|---|---|---|---|
| ആനവിലാസം ജലസേചനക്കുളം | 1000000 | 306000 | |
| അരയിത്തിനാൽപ്പടി ജലസേചനക്കുളം | 555555 | 0 | |
| അമ്പലംമേട് ജലസേചനക്കുളം | 555555 | 0 | |
| മാലി ജലസേചനക്കുളം | 555555 | 0 | |
| പേഴുംകണ്ടം ജലസേചനക്കുളം | 555555 | 0 | |
| മാമരത്തുംമെട്ട് ജലസേചനക്കുളം | 555555 | 0 | |
| എഴുകും വയൽ ജലസേചനക്കുളം | 1111110 | 0 | |
| പുളിങ്കട്ട ജലസേചനക്കുളം | 555555 | 0 | |
| പളനിക്കാവ് ജലസേചനക്കുളം | 555555 | 0 | |
| ചൊക്കൻ ജലസേചനക്കുളം | 555555 | 0 | |
| ചെന്നിനായ്ക്കൻ കുടി ജലസേചനക്കുളം | 555555 | 0 | |
| വാഴവര കോളനി ജലസേചനക്കുളം | 555555 | 0 | |
| ചന്ദ്രൻ സിറ്റി ജലസേചനക്കുളം | 1111110 | 0 | |
| അമ്പലം മേട് മക്കോപ്പടി ജലസേചനക്കുളം | 1111110 | 0 | |
| അരുവിക്കുഴി ചെക്ക് ഡാം | 1000000 | 0 | |
| അമ്പലം മേട് 8-ാം മൈൽ ജലസേചനക്കുളം | 555555 | 0 | |
| ആകെ | 11444435 | 306000 | 2.67 |

പതിനാറ് ജലസേചന പദ്ധതികൾ ആസൂത്രണം ചെയ്തതിൽ ഒരെണ്ണം മാത്രമാണ് ഭാഗികമായിട്ടെങ്കിലും നടപ്പിലാക്കുവാനായത്. വേണ്ടത്ര ചർച്ചകൾ കൂടാതെയും മുന്നൊരുക്കങ്ങൾ നടത്താതെയും പദ്ധതികൾ ആവിഷ്കരിക്കുന്നതുമൂലം അവ നടപ്പാക്കുവാനാകാതെ വരികയും പൊതുപ്പണം ചെലവഴിക്കുവാനാകാതെ നഷ്ടപ്പെടുകയും ചെയ്യുന്നു. കാർഷിക മേഖല മുഖ്യവരുമാനമാർഗ്ഗമായ പഞ്ചായത്തിൽ ജലസേചന പദ്ധതികൾ അനിവാര്യമാണ്. ഈ സാഹചര്യത്തിലും 2.6 ശതമാനം തുക മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത് എന്നത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി കാണുന്നു.

**2)** സാനിട്ടറി കോംപ്ലക്സ് നിർമ്മാണം

സാനിട്ടറി കോംപ്ലക്സ് നിർമ്മാണത്തിന് വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ ₹ | ചെലവഴിച്ച തുക ₹ |
|---|---|---|
| ഈട്ടിത്തോപ്പ് സാനിട്ടറി കോംപ്ലക്സ് | 1030000 | 379440 |
| മാധവൻകാനം സാനിട്ടറി കോംപ്ലക്സ് | 1030000 | 0 |
| ചക്കുപള്ളം സാനിട്ടറി കോംപ്ലക്സ് | 1030000 | 0 |
| പുറ്റടി സാനിട്ടറി കോംപ്ലക്സ് | 1030000 | 0 |
| ലബ്ബക്കട സാനിട്ടറി കോംപ്ലക്സ് | 1030000 | 477000 |
| ആകെ | 5150000 | 856440 (16%) |

ശുചിത്വ സമുച്ചയ നിർമ്മാണം ബ്ലോക്ക്പഞ്ചായത്തിന്റെ പൊതുവായതോ മേഖലാപരമോ ആയ ചുമതലയിൽപ്പെട്ടതല്ല (1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 172 വകുപ്പിന്റെ കീഴിലുള്ള പട്ടിക 4 പ്രകാരം ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലകൾ നിർവ്വഹിക്കപ്പെടുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. അല്ലാതെ ലഭ്യമായ സർക്കാർ ഗ്രാന്റ് വിനിയോഗത്തിനുള്ള ഉപാധി മാത്രമായി കരാറുകൾ പൊതുജനക്ഷേമത്തിന് ഉപകരിക്കുന്ന തരത്തിൽ പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ ലബ്ബക്കട സാനിട്ടറി കോംപ്ലക്സ് 2018-19-ൽ പൂർത്തീകരിച്ചെങ്കിലും നാളിതുവരെ ഉപയോഗത്തിനായി തുറന്നുകൊടുത്തിട്ടില്ല. ആവിഷ്കരിക്കുന്ന പദ്ധതികൾ യഥാസമയം നിയമാനുസൃതമായി പൂർത്തീകരിക്കുന്നുവെന്നും ലക്ഷ്യം കൈവരിച്ചുവെന്നും ഉറപ്പാക്കുവാൻ സ്റ്റാന്റിംഗ് കമ്മിറ്റികൾ യഥാസമയം ഇടപെടലുകൾ നടത്തേണ്ടതാണ്.

## 3-3 പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം പൂർണ്ണമായും വിനിയോഗിക്കാതെ - വികസനഫണ്ട് ചെലവഴിച്ചു

കൃഷി അസി. ഡയറക്ടർ നിർവ്വഹണം നടത്തിയ, സമഗ്ര കൃഷി വികസനം – കാർഷിക ഗ്രൂപ്പുകൾക്ക് യന്ത്ര സാമഗ്രികൾ വാങ്ങി നൽകൽ പദ്ധതിക്കുവേണ്ടി ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| പദ്ധതി | അടങ്കൽ ₹ | ചെലവ് - വികസനഫണ്ട് | ഗുണഭോക്തൃ വിഹിതം |
|---|---|---|---|
| സമഗ്ര കൃഷി വികസനം – കാർഷിക ഗ്രൂപ്പുകൾക്ക് യന്ത്ര സാമഗ്രികൾ വാങ്ങി നൽകൽ - ജനറൽ | 1492400 | ₹130000/- ബിൽ നമ്പർ 1/17-18 തീ. 24-03-18 | 185641 |
| സമഗ്ര കൃഷി വികസനം - കാർഷിക ഗ്രൂപ്പുകൾക്ക് യന്ത്ര സാമഗ്രികൾ വാങ്ങി നൽകൽ– എസ്.സി.പി | 344400 | ബിൽ നമ്പർ 2/17-18 തീ. 24-03-18 | 42840 |
| സമഗ്ര കൃഷി വികസനം - കാർഷിക ഗ്രൂപ്പുകൾക്ക് യന്ത്ര സാമഗ്രികൾ വാങ്ങി നൽകൽ – റ്റി.എസ്.പി | 114800 | ബിൽ നമ്പർ 3/17-18 തീ. 24-03-18 | 14280 |

സ.ഉ.(എം.എസ്.) നമ്പർ 80/2017/തസ്വഭവ, തീയതി 03.04.2017 നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 90% തുക വികസനഫണ്ടിൽ നിന്നും ബാക്കി 10% തുക ഗുണഭോക്തൃവിഹിതവുമാണ് ചെലവഴിക്കാൻ ഉദ്ദേശിച്ചിരുന്നത്. പ്രസ്തുത നിരക്കിൽ തുക ചെലവഴിക്കുകയും

ചെയ്തു. എന്നാൽ ഗുണഭോക്തൃവിഹിതമായി ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ തുകയിൽ നിന്നും ജനറൽ വിഭാഗത്തിൽ ₹6,789/-യും, എസ്.സി.പി. വിഭാഗത്തിൽ ₹1,560/-യും റ്റി.എസ്.പി. വിഭാഗത്തിൽ ₹520/-യും കൃഷി അസി. ഡയറക്ടറുടെ അക്കൗണ്ടിലേക്ക് തിരികെ നൽകി. പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതത്തിന് ശേഷമുള്ള തുകയായിരുന്നു വികസനഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ തിരികെ നൽകിയ തുക (₹8,869/-) ഗുണഭോക്തൃ സംഘങ്ങൾക്ക് വിതരണം ചെയ്യുകയോ, പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുകയോ ചെയ്യേണ്ടതാണ്.

## 3-4 അംഗപരിമിതർക്ക് മുച്ചക്ര വാഹനം - അടിസ്ഥാന വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

സമഗ്ര ശിശുവികസന പദ്ധതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അംഗപരിമിതർക്ക് മുച്ചക്രവാഹനം വിതരണം പദ്ധതിക്കുവേണ്ടി (നം.എസ്. 015/18) വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 1/17-18 തീ.14-03-18 പ്രകാരം ₹12,04,600/-യും ബിൽ നമ്പർ 3/17-18 തീ. 26-03-18 പ്രകാരം ₹1,26,00/-യും ഉൾപ്പെടെ ₹13,31,400/-ചെലവഴിച്ച് 21 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ഫയലിൽ ഗുണഭോക്താക്കളുടെ ലൈസൻസ് വിവരങ്ങൾ, വാഹനം പേരിൽകൂട്ടി രജിസ്റ്റർ ചെയ്തവിവരങ്ങൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ഫയലിനൊപ്പം പദ്ധതി സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അടിസ്ഥാന രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക ₹13,31,400/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ഇരട്ടയാർ ഗ്രാമപഞ്ചായത്ത് | 2017-18 | 7000 | വൃക്ക രോഗികൾക്ക് ചികിത്സാ സഹായം | 0 | 7000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല –

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ

കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻ വർഷത്തെ വരവ് | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി (ബ്ലോക്ക്പഞ്ചായത്ത് വിഹിതം നൽകൽ) | സ.ഉ(എം.സ്) 306/2011/ ത.സ്വ.ഭ.വ തീ. 07.12.11 | 343052250 | 13722100 | 0.00 | 3603025 | 0.00 | 10119075 |

## 4-5 സ്ഥിര നിക്ഷേപം

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

– ഇല്ല –

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 31 മുതൽ 43 വരെ | 2000-01 | അവലോകനം | കുടിവെള്ളം /ജലസേചന പദ്ധതി അധിക ചെലവുകൾ | തുടരുന്നു |
| 2003-04 | 3(11) | 2006-07 | 3.3, 5.1 | ഡെപ്പോസിറ്റ് വേലകൾ (KSEB, KWA, KAICO) പൂർത്തിയാക്കിയിട്ടില്ല | തുടരുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യ് റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2004-05 | 3-3 | റ്റി. ആർ. രാജശേഖരൻ | LF.21175/ Spl.cell. | 13343 | 0 | 0 | 0 | 0 | 0 | 13343 | - |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | സെക്രട്ടറി | (SC2) /2009 തീ. 04.01.11 | | | | | | | | |
| 2 | 2004-05 | 3-8 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | 0 | 0 | 0 | 0 | 16750 | - |
| 4 | 2004-05 | 3-10 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | 0 | 0 | 0 | 0 | 16750 | - |
| 5 | 2004-05 | 3-13 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 16750 | 0 | 0 | 0 | 0 | 0 | 16750 | - |
| 6 | 2004-05 | 3-16 | ജോസഫ് അലക്സാണ്ടർ പീറ്റർ ബി.ഡി.ഒ | LF.21175/ Spl.cell. (SC2)/2009 തീ. 04.01.11 | 19829 | 0 | 0 | 0 | 0 | 0 | 19829 | - |
| 7 | 2002-03 | 3-2 | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.9814/ Spl.cell. (SC2)/2006 തീ. 07.02.07 | 1401 | 0 | 0 | 0 | 0 | 0 | 1401 | - |
| 8 | 2002-03 | 3-3(1) | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.9814/ Spl.cell. (SC2)/2006 തീ.07.02.07 | 2706 | 0 | 0 | 0 | 0 | 0 | 2706 | - |
| 9 | 2002-03 | 3-3(2) | റ്റി. ആർ. രാജശേഖരൻ സെക്രട്ടറി | LF.9814/ Spl.cell. (SC2)/2006 തീ. 07.02.07 | 1700 | 0 | 0 | 0 | 0 | 0 | 1700 | - |
| 10 | 2000-01 | 16 | കുര്യക്കോസ് ജോൺ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | LF.13262/ Spl.cell. (SC2)/2005 തീ.16.10.06 | 1498 | 0 | 0 | 0 | 0 | 0 | 1498 | - |
| 11 | 2000-01 | 18 | എസ്.മോഹനൻ, സെക്രട്ടറി | LF.13262/ Spl.cell. (SC2)/2005 തീ. 16.10.06 | 13949 | 0 | 0 | 0 | 0 | 0 | 13949 | - |
| 12 | 1999-2000 | 18 | എസ്.മോഹനൻ, സെക്രട്ടറി | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 480 | 0 | 0 | 0 | 0 | 0 | 480 | - |
| 13 | 1999-2000 | 19 | എസ്.മോഹനൻ, സെക്രട്ടറി | LF.10042/ Spl.cell. | 1500 | 0 | 0 | 0 | 0 | 0 | 1500 | - |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | (SC2)/2005 തീ.28.06.06 | | | | | | | | |
| 14 | 1999-2000 | 22 | എം.റ്റി സോമൻ അസി.എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ.28.06.06 | 10093 | 0 | 0 | 0 | 0 | 0 | 10093 | - |
| 15 | 1999-2000 | 23 | എം.റ്റി സോമൻ അസി.എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 2434 | 0 | 0 | 0 | 0 | 0 | 2434 | - |
| 16 | 1999-2000 | 24 | എം.റ്റി സോമൻ അസി.എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 2068 | 0 | 0 | 0 | 0 | 0 | 2068 | - |
| 17 | 1999-2000 | 25 | എം.റ്റി സോമൻ അസി.എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 2637 | 0 | 0 | 0 | 0 | 0 | 2637 | - |
| 18 | 1999-2000 | 26 | എം.റ്റി സോമൻ അസി.എഞ്ചിനീയർ | LF.10042/ Spl.cell. (SC2)/2005 തീ. 28.06.06 | 5498 | 0 | 0 | 0 | 0 | 0 | 5498 | - |
| 19 | 1998-99 | 19 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 160 | 0 | 0 | 0 | 0 | 0 | 160 | - |
| 20 | 1998-99 | 20 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 630 | 0 | 0 | 0 | 0 | 0 | 630 | - |
| 21 | 1998-99 | 21 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 ₹29.01.2003 | 165 | 0 | 0 | 0 | 0 | 0 | 165 | - |
| 22 | 1998-99 | 22 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 ₹29.01.2003 | 708 | 0 | 0 | 0 | 0 | 0 | 708 | - |
| 23 | 1998-99 | 24 | ജോർജ്ജ് ജോസഫ്, പ്രസിഡന്റ് | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 70 | 0 | 0 | 0 | 0 | 0 | 70 | - |
| 24 | 1998-99 | 25 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 2127 | 0 | 0 | 0 | 0 | 0 | 2127 | - |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 25 | 1998-99 | 30 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11812 | 0 | 0 | 0 | 0 | 0 | 11812 | - | |
| 26 | 1998-99 | 31 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11458 | 0 | 0 | 0 | 0 | 0 | 11458 | - | |
| 27 | 1998-99 | 32 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 7350 | 0 | 0 | 0 | 0 | 0 | 7350 | - | |
| 28 | 1998-99 | 33 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 11854 | 0 | 0 | 0 | 0 | 0 | 11854 | - | |
| 29 | 1998-99 | 35 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 36375 | 0 | 0 | 0 | 0 | 0 | 36375 | - | |
| 30 | 1998-99 | 36 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.2003 | 4100 | 0 | 0 | 0 | 0 | 0 | 4100 | - | |
| 31 | 1998-99 | 37 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12425 | 0 | 0 | 0 | 0 | 0 | 12425 | - | |
| 32 | 1998-99 | 38 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12576 | 0 | 0 | 0 | 0 | 0 | 12576 | - | |
| 33 | 1998-99 | 39 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 13930 | 0 | 0 | 0 | 0 | 0 | 13930 | - | |
| 34 | 1998-99 | 40 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 10982 | 0 | 0 | 0 | 0 | 0 | 10982 | - | |
| 35 | 1998-99 | 41 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 8849 | 0 | 0 | 0 | 0 | 0 | 8849 | - | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 36 | 1998-99 | 42 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 12392 | 0 | 0 | 0 | 0 | 0 | 12392 | - |
| 37 | 1998-99 | 43 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 16770 | 0 | 0 | 0 | 0 | 0 | 16770 | - |
| 38 | 1998-99 | 47 | എസ്.മോഹനൻ, സെക്രട്ടറി | LF.12183/ Spl.cell. (SC2)/2002 തീ.29.01.03 | 5000 | 0 | 0 | 0 | 0 | 0 | 5000 | - |
| 39 | 1995-96 1996-97 | 48 | ജെ.വർഗ്ഗീസ്, മെമ്പർ എം.പി.വർക്കി, മെമ്പർ ആനി സ്റ്റീഫൻ, മെമ്പർ കെ. പി. സുദർശൻ മെമ്പർ | LF.6755/ Spl.cell. (SC2)/2000 തീ.22.10.01 | 3712 | 0 | 0 | 0 | 0 | | 3712 | - |
| 40 | 1995-96 1996-97 | 22 | എം.പി.വർക്കി, മെമ്പർ ആനി സ്റ്റീഫൻ മെമ്പർ, കെ.പി.സുദർശൻ മെമ്പർ | LF.6755/ Spl.cell. (SC2)/2000 തീ.22.10.01 | 248 | 0 | 0 | 0 | 0 | 0 | 248 | - |
| 41 | 1995-96 1996-97 | 23 | - | LF.6755/ Spl.cell. (SC2)/2000 തീ.01.07.00 | 3000 | 0 | 0 | 0 | 0 | 0 | 3000 | - |

## **4-9** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹10,61,89,614 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹11,36,63,518 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹13,31,400/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക |
|---|---|
| 3-4 | ₹13,31,400/- |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷൈനി ഐസക് | ശിശു വികസന ഓഫീസർ | പൂപ്പാനിക്കൽ മേലുകാവ് പി. ഒ. കോട്ടയം – 686652 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-96<br>1996-97 | എൽ.എഫ്.ഐ.4/405/05 തീ. 3.8.2005 | 6 | 3-19,3-21,3-22,<br>3-23,3-24,3-25(1,3) |

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.ഐ.3/345/2002 തീ. 27.6.2002 | 17 | 11,12,13,19,20,21, 22,23,26,27,2829,30, 31,32,33,34 |
| 1998-99 | എൽ.എഫ്.ഐ.4/357/13 തീ. 10.7.13 | 38 | 2,3,4,9,10,11,12,16,19, 20,21,22,23(1,2,3),24,25, 27,28,29,30,31,32,33,34, 35,36,37,38,39,40,41,42, 43,44,45,46,47,48,49 |
| 1999-00 | കെ.എസ്.എ-ഐ.ഡി.കെ-9/ 465/2017 തീ. 27.4.2017 | 12 | 17,18,19,20,21,22,23, 24,25,26,27,28 |
| 2000-01 | എൽ.എഫ്.ഐ.4/498/08 തീ.3.11.2008 | 6 | 14,15,17,18,19,20 |
| 2001-02 | എൽ.എഫ്.ഐ.4/173/09 തീ. 6.3.2009 | 9 | 2-1,2-2,2-3,2-4,2-5,2-6, 2-7,2-8,3-14 |
| 2002-03 | എൽ.എഫ്.ഐ.4/450/08 തീ.04.11.2008 | 5 | 3-1,3-2,3-3 (1,2),3-4,,3-7 |
| 2003-04 | എൽ.എഫ്.ഐ.4/491/09 തീ. 8.9.2009 | 4 | 3-2,3-3,3-6,3-10 |
| 2004-05 | എൽ.എഫ്.ഐ.4/559/11 തീ. 3.11.2011 | 17 | 3-2,3-3,3-4,3-5,3-6,3-7, 3-8,3-9,3-10,3-11,3-12, 3-13,3-14,3-15,3-16, 3-17,3-18 |
| 2005-06 | എൽ.എഫ്.ഐ.-4/560/ 2011/തീ.03.11.2011 | 7 | 3-1,3-2,3-3,3-4,3-6,3-7,3-8 |
| 2006-07 | എൽ.എഫ്.ഐ.-9/1129/ 2010/തീ.23.4.2011 | 8 | 2-1 എ,ബി,2-2,3-1,3-2, 3-3,3-4,3-6,4-3 |
| 2007-08 | എൽ.എഫ്.ഐ.-9/1075/ 2011/തീ.22.2.2012 | 14 | 2-1,2-2,2-3,2-4,3-1,3-2,3-3, 3-4,3-6,3-7,3-8,3-9,3-10,3-11 |
| 2008-09 | എൽ.എഫ്.ഐ.-9/1073/ 2012/തീ.12.9.2012 | 21 | 1-1,1-2,1-3,1-4,2-1എ,ബി, 2-2,3-1,3-2,3-3,3-4,3-5,3-6, 3-7,3-8,3-9,3-10,3-11,3-12, 3-13,3-14,3-15 |
| 2009-10 | എൽ.എഫ്.ഐ.-9/1081/ 2012/തീ.3.10.2012 | 11 | 2-1,2-2,2-3,2-5,3-2,3-3,3-4, 3-5,3-6,3-7,4-3 |

| | | | |
|---|---|---|---|
| 2010-11<br>2011-12 | കെ.എസ്.എ-<br>ഐ.ഡി.കെ-9/<br>1437/15/തീ.4.4.2016 | 16 | 2-1,2-2,3-1,3-2,3-3,3-4,3-5<br>,3-6,3-7,3-8,3-9,3-10,3-12,<br>3-13,3-14,3-15 |
| 2012-13 | കെ.എസ്.എ-<br>ഐ.ഡി.കെ-9/<br>1111/16/തീ. 1.09.2016 | 7 | 3-2,3-3,3-4,3-6,3-7,3-11,4-1 |
| 2013-14 | കെ.എസ്.എ-<br>ഐ.ഡി.കെ-9/<br>86/16/തീ.20.06.2016 | 5 | 2-1 എ,ബി,3-1,3-2,3-3,4-3 |
| 2014-15 | കെ.എസ്.എ-<br>ഐ.ഡി.കെ-9/<br>924/16/തീ.1.02.2017 | 5 | 2-1,3-2,3-3,3-4,4-3 |
| 2015-16 | കെ.എസ്.എ-<br>ഐ.ഡി.കെ-9/<br>820/16/തീ.19.06.2017 | 11 | 2-1,2-3,3-3,3-4,3-5,<br>3-6,3-7,3-8, |
| 2016-17 | കെ.എസ്.എ-<br>ഐ.ഡി.കെ-9/<br>203/18/തീ.28.02.2018 | 2 | 4-7,4-9 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം **- 1**</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

<u>നം.കെ.എസ്.എ-ഐ.ഡി.കെ-9/114/19</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
*ഇ-മെയിൽ : doidk.ksad@kerala.gov.in*
ഫോൺ നം. 04862 227332
തീയതി : 27.02.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) [1994ലെ കേരള മുനിസിപ്പാലിറ്റി നിയമം – വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64

[2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനnd വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കട്ടപ്പന ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്